**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മറ്റി കൂട്ടുവാൻ നടപടി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1366** **3/10/2016-ൽ മറുപടിക്ക്**

| **ചോദ്യം**<br>**പ്രൊഫസർ ആബിദ് ഹുസൈൻ തങ്ങൾ** | **മറുപടി**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | ആഭ്യന്തര വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് ഡി.വൈ.എസ്.പി. തസ്തികയിലേക്ക് ഉള്ള സീനിയോറിറ്റി കേസ് നിലവിലുള്ളതും എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഈ കേസുമായി ബന്ധമില്ലാത്തവരും ഈ കേസിന്റെ വിധി പ്രതികൂലമായോ അനുകൂലമായോ ബാധിക്കാത്തവരുമായവരുടെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മറ്റി (ഡി.പി.സി) കൂട്ടുവാൻ നടപടി സ്വീകരിക്കുമോ ;_ | (എ) | കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ കേസ് നിലനിൽക്കുന്നെന്ന കാരണത്താൽ 10 വർഷത്തിലധികമായി എസ്.ഐ. റാങ്കിൽ ജോലിനോക്കുന്നവർക്ക് സി.ഐ.മാരായി പ്രമോഷൻ നൽകുന്നതിനുള്ള ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മറ്റി കൂട്ടുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) | എസ്.ഐ (ജി.ഇ) മാരുടെ കാര്യത്തിൽ നേരിട്ട് നിയമനം ലഭിച്ചവരും തസ്തികമാറ്റം വഴി നിയമനം ലഭ്യമായവരും തമ്മിൽ സീനിയോറിറ്റി സംബന്ധിച്ച കേസുകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുണ്ട്. ഈ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് പ്രസിദ്ധപ്പെടുത്തിയാൽ മാത്രമേ സി.ഐ.മാരായി പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**